# GAZETTE DATE : 15.12.2025
# LAST DATE : 14.01.2026

## CATEGORY NO: 563/2025

Applications are invited online only by One Time Registration from qualified male candidates for Selection to the under mentioned post in the Kerala Government Service. Applications shall be submitted Online only through the official website of Kerala Public Service Commission (**www.keralapsc.gov.in**.) after ' ONE TIME REGISTRATION' . Candidates who have already registered can apply through their profile. Candidates who have AADHAAR card should add the same as I.D. Proof in their profile.

1. **Department** : **Kerala Police**
2 **Name of Post** : **Police Constable (Trainee) (Armed Police Battalion)**
3. **Scale of Pay** : **₹ 31,100 - 66,800/-**
4. **Number of vacancies** :
   Thiruvananthapuram (SAP)
   Pathanamthitta(KAP III)
   Idukki(KAP V)
   Ernakulam(KAP I)
   Thrissur(KAP II)
   Malappuram(MSP)
   Kasaragod(KAP IV)
   } Anticipated Vacancies

| Sl. No. | Name of Battalion | Name of District and Police District coming under the Battalion | PSC District office in charge of the selection |
|---|---|---|---|
| 1. | SAP | Thiruvananthapuram Revenue District (Thiruvananthapuram City and Rural Police Districts) | Thiruvananthapuram |
| 2 | KAP III | Kollam, Alappuzha and Pathanamthitta Revenue Districts (Kollam, Alappuzha and Pathanamthitta Police Districts) | Pathanamthitta |
| 3 | KAP V | Kottayam and Idukki Revenue Districts (Kottayam and Idukki Police Districts) | Idukki |
| 4 | KAP I | Ernakulam Revenue District. (Kochi City and Ernakulam Rural Police Districts) | Ernakulam |
| 5 | KAP II | Thrissur and Palakkad Revenue Districts (Thrissur and Palakkad Police Districts) | Thrissur |
| 6 | MSP | Malappuram , Kozhikode Revenue Districts (Malappuram Police District, Kozhikode City and Rural Police Districts) | Malappuram |
| 7 | KAP IV | Kannur, Wayanad and Kasaragod Revenue Districts (Kannur, Wayanad and Kasaragod Police Districts) | Kasaragod |

Selection will be made on Battalion wise basis. Candidates appointed to the various Battalions will be allowed transfer only to the District Armed Reserves concerned as shown against the Battalion noted above.

| | | |
|---|---|---|
| **Note:** | (i) | Women candidates and differently abled candidates are not eligible to for this post |
| | (ii) | The name,age limit and qualification of this post has been prescribed as per G.O(MS)No.16/80/Home dated 17/01/1980 (SRO No.82/80) and G.O(P) No.138/2017/Home Dated.08.12.2017 (SRO No.787/2017) |
| | (iii) | Candidates are prohibited from applying to more than one Battalion in response to this notification. |
| | (iv) | Separate Ranked Lists for each Battalion will be published. The Ranked list thus published shall cease to be in force after one year from the date of finalization of the ranked list. Candidates will be advised from the said list against the vacancies reported after the validity period of previous Ranked List and that may be reported to the Commission during the period of currency of the ranked list as per this category. |

5. **Method of appointment** : **Direct Recruitment (Battalion wise)**

6. **Age limit** : **18 – 26** Candidates born between 02.01.1999 and 01.01.2007 (both dates included) are eligible to apply for this post.

**Note:-**

Maximum age limit shall be relaxed upto **29** years for OBC candidates, **31** years for SC/ST candidates and **41** years for Ex-service men. Other conditions regarding age relaxation in Para (2) of the General Conditions are not applicable to this selection.

7. **Qualification:-**

(a) **Educational Qualification :** Pass in HSE (Plus Two) or its equivalent

(Link)
EQUIVALENT / HIGHER QUALIFICATION

Note :

1. *Rule 10 (a) (ii) of Part II of the KS&SSR is applicable.*
2. *Scheduled Caste and Scheduled Tribe candidates who have failed in the HSE (Plus Two) shall also be considered if sufficient number of qualified candidates are not available to fill up the quota of Police Constables reserved for the Scheduled Castes/Scheduled Tribes.*
3. *In addition to the qualification specified in the Notification, the qualification declared by Government through executive orders or standing orders, as equivalent to the prescribed educational qualification and the higher qualifications of the notified and prescribed basic qualifications shall be accepted. The Government Order regarding the equivalent qualification/higher qualification shall be produced as and when called for by the Commission.*

(b) **Physical Qualifications:**

(i) **Height :** A minimum of 168 cm.

(ii) **Chest :** A minimum of 81 cm and with a minimum expansion of 5 cm.

Note: Minimum Height and chest measurement shall be 160 cm and 76 cm respectively for candidates belonging to Scheduled Caste and Scheduled Tribe communities. The minimum chest expansion of 5 cm shall, however be applicable for them also.

(iii) **Eye Sight:** Must be certified to possess the visual standards specified below without glasses.

| | **Vision** | **Right Eye** | **Left Eye** |
|---|---|---|---|
| (a) | Distant Vision | 6/6 Snellen | 6/6 Snellen |
| (b) | Near Vision | 0.5 Snellen | 0.5 Snellen |

*Note:-*

(i) Each eye must have a full field of vision.

(ii) Colour blindness, squint or any morbid conditions of the eyes or lids of either eyes will be deemed to be a disqualification.

(iii) Must be free from apparent physical defects like knock-knee, flat foot, Varicose veins, bow legs, deformed limbs, irregular and protruding teeth,defective speech and hearing.

(c) Must qualify in any five events out of eight events specified below of the National Physical Efficiency, One Star Standard Test.

| Sl.No. | Events | One Star Standards |
|---|---|---|
| 1. | 100 Meters Run | 14 Seconds |
| 2. | High Jump | 132.20 cm |
| 3. | Long Jump | 457.20 cm |
| 4. | Putting the Shot (7264 gm) | 609.60 cm |
| 5. | Throwing the cricket ball | 6096 cm |
| 6. | Rope climbing (using hands only) | 365.80 cm |
| 7. | Pull up or chinning | 8 times |
| 8. | 1500 meters run | 5 minutes & 44 seconds |

Note: -

(i) Physical measurement of candidates will be taken at the time of physical efficiency test and those who do not possess the prescribed physical measurement will not be admitted for the physical efficiency test. If accidents or injuries happen to a candidate while participating in the physical efficiency test, he will not be given further chance to participate in the test.

(ii)The Tentative Schedule of Physical Measurement and Physical Efficiency Test will be published in the website.

(iii) The candidates should produce a Medical Certificate in original in the form of prescribed here under, certifying to their physical fitness and eye sight without glasses. The Medical Certificate should be one obtained from a Medical Officer under the Government not below the rank of an Assistant Surgeon/ Junior Consultant at the time of physical efficiency test /One Time Verification

## FORM OF MEDICAL CERTIFICATE

(To be obtained from Medical Officer not below the rank of an Assistant Surgeon/Junior Consultant)

I have this day medically examined Sri.................................................................... …........................................................................................................................................ (Name & address) and found that he has no disease or infirmity, which would render him unsuitable for Government Service. He is free from physical defects like knock-knee, flat foot, Varicose veins, bow legs, deformed limbs, irregular and protruding teeth and defective speech and hearing. His age according to his own statement is ..................................... and by appearance is …................................. and his standards of vision is as follows.

**Standards of Vision**
(without glasses)

| | Right Eye | Left Eye |
|---|---|---|
| i) Distant Vision | …..........Snellen | …......... Snellen |
| ii) Near Vision | …..........Snellen | …......... Snellen |

iii) Field of Vision ....................

(Specify whether field of vision is full or not. Entries such as 'Normal','Good', 'Average' etc are inappropriate here)

iv) Colour Blindness ...............................

v) Squint ...............................

vi) Any morbid condition of the eyes or lids of either eye ………………………….

vii) Marks of Identification

1)……………………………………………

2)……………………………………………

He is physically fit for the post of Police Constable (Armed Police Battalion) in the Kerala Police Department.

I certify to the best of my knowledge and belief that the applicant Sri ……………… ………………….............................................................................................................................(Name and Address) is the person herein above described and that the attached photograph has a reasonably correct likeness.

(The signature of the Medical Officer shall be affixed on the photograph leaving the face clear.)

| PHOTO OF THE CANDIDATE |
|---|

Place: Signature

Date : Name and Designation of the Medical Officer

*(Office Seal)*

**Note:**

Details regarding standards of vision should be clearly stated in the Certificate as given above and vague statement such as Vision Normal/Average/Good will not be accepted. Specification for each eye should be stated separately. If the specifications are not as indicated above, the officer issuing the Certificate should certify whether the candidate has got better standards of vision or worse standards of vision as the case may be, otherwise the Certificate will not be accepted.

**8.** Candidates having 'A', 'B' & 'C' certificate of NCC will be given weightage marks at the rate of 2%, 3% and 5% respectively, vide G.O(Ms) No.112/2007/HEdn.Dated 21.08.2007.

**9.** Extra Marks will be awarded to meritorious sports persons as per Para 6 of the General Conditions.

**10.** Student Police Cadet (SPC) Certificate holders will be given weightage marks as per G.O.(MS) No.06/2025/P&RD dated 01.03.2025.

**11.** **Mode of submitting applications:-**

Candidates must register as per ONE TIME REGISTRATION with the official Website of Kerala Public Service Commission www.keralapsc.gov.in before applying for the post. Candidates who have registered can apply by logging on to their profile using their User-ID and Password. Candidates must click on the 'Apply Now' button of the respective posts in the Notification Link to apply for a post. Those candidates who create new profile should upload their photograph taken within six months. Name of the candidate and the date of photograph taken should be printed legibly at the bottom portion. The photograph once uploaded meeting all requirements shall be valid for 10 years from the date of uploading. There is no change in other instructions regarding the uploading of photographs. No application fee is required. Candidates are responsible for the correctness of the personal information and secrecy of password. Candidates must ensure correctness of the information in their profile before the final submission of the application. They must quote the User-ID for further communication with the Commission. Application submitted is provisional and cannot be deleted or altered after submission. **Candidates are advised to keep a printout or soft copy of the online application for future reference. Candidates can take the printout of the application by clicking on the link 'My applications' in their profile. All correspondences with the Commission, regarding the application should be accompanied with the print out of the application.** The application will be summarily rejected if non-compliance with the notification is found in due course of processing. Original documents to prove qualification, experience, age, community etc. have to be produced as and when called for. The Profile correction made by the candidates themselves or through the office of the Kerala Public Service Commission on request after the last date fixed for the receipt of applications will not be reflected in the application. Such corrections will come into effect only on the date on which corrections have been made.

**12.** **Last date of submission of applications** :**14.01.2026 Wednesday** up to 12 midnight.

**13.** If Written Test/OMR Test/Online Test is conducted as a part of this selection candidate shall submit a confirmation for writing the examination through their One Time Registration Profile. Such candidates alone can generate and download the admission tickets in the last fifteen days till the date of test. The applications of candidate who do not submit confirmation within the stipulated period will be rejected

absolutely. The periods regarding the submission of confirmation and the availability of admission tickets will be published in the examination calendar itself. Information in this regard will be given to the candidates in their respective profiles and in the mobile phone number registered in it.

**14. Special Instructions to Candidates:**

(i) In the case of difference in Caste/Community claimed in the application and that entered in SSLC Book, the candidate shall produce a gazette notification in this regard, along with Non Creamylayer certificate at the time of certificate verification.

(ii) Candidates are required to acquaint themselves with the instructions given in the notification as Part II, General Conditions before submitting application for the post. Applications which are not submitted in accordance with the terms and conditions laid down in the General conditions are liable to be rejected.

(iii) Appropriate disciplinary actions as per rule 22 of the Kerala Public Service Commission Rules of procedure shall be initiated against those candidates who submit applications with bogus claims of qualification regarding education, experience etc. and are liable to be disqualified for being considered for a particular post or debarment from applying to the Commission either permanently or for any period or the invalidation of their answer scripts or products in a written/practical test or the initiation of criminal or other proceedings against them or their removal or dismissal from office or the ordering of any other disciplinary action against them if they have already been appointed, or any one or more of the above.

(For details regarding photo, ID card etc refer the general conditions given in part II of the gazette notification)

**SAJU GEORGE**
**SECRETARY**
**KERALA PUBLIC SERVICE COMMISSION**

# കാറ്റഗറി നമ്പർ : 563/2025

കേരള സർക്കാർ സർവ്വീസിൽ താഴെപ്പറയുന്ന ഉദ്യോഗത്തിന് തിരഞ്ഞെടുക്കപ്പെടുന്നതിന് യോഗ്യതയുള്ള പുരുഷ ഉദ്യോഗാർത്ഥികളിൽ നിന്ന് ഓൺലൈനായി മാത്രം അപേക്ഷകൾ ക്ഷണിക്കുന്നു. ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റിലൂടെ (www.keralapsc.gov.in) ഒറ്റത്തവണ രജിസ്ട്രേഷൻ പ്രകാരം രജിസ്റ്റർ ചെയ്തതിന് ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തവർക്ക് അവരുടെ പ്രൊഫൈലിലൂടെ അപേക്ഷിക്കാവുന്നതാണ്. ആധാർ നമ്പർ ലഭ്യമായിട്ടുള്ളവർ ആയത് പ്രൊഫൈലിൽ തിരിച്ചറിയൽ രേഖയായി ഉൾപ്പെടുത്തേണ്ടതാണ്.

| | | | |
|---|---|---|---|
| 1. | **വകുപ്പ്** | : | **കേരള പോലീസ്** |
| 2. | **ഉദ്യോഗപ്പേര്** | : | **പോലീസ് കോൺസ്റ്റബിൾ (ട്രെയിനി )**<br>**(ആംഡ് പോലീസ് ബറ്റാലിയൻ)** |
| 3. | **ശമ്പളം** | : | **₹ 31,100 – 66,800/-** |
| 4. | **ഒഴിവുകളുടെ എണ്ണം** | : | ബറ്റാലിയൻ അടിസ്ഥാനത്തിൽ |

തിരുവനന്തപുരം(എസ് എ പി )
പത്തനംതിട്ട(കെ.എ.പി III)
ഇടുക്കി (കെ എ പി V)
എറണാകുളം (കെ.എ.പി I)
തൃശ്ശൂർ (കെ.എ.പി II)
മലപ്പുറം(എം എസ് പി)
കാസർഗോഡ്(കെ എ പി IV)

} പ്രതീക്ഷിത ഒഴിവുകൾ

| ക്രമ നമ്പർ | ബറ്റാലിയൻ | ബറ്റാലിയൻ ഉൾപ്പെടുന്ന ജില്ലകളും പോലീസ് ജില്ലകളും | നിയമനച്ചുമതലയുള്ള പി.എസ്.സി ജില്ലാ ഓഫീസ് |
|---|---|---|---|
| 1 | എസ് എ പി | തിരുവനന്തപുരം റവന്യൂ ജില്ല (തിരുവനന്തപുരം സിറ്റി,റൂറൽ പോലീസ് ഡിസ്ട്രിക്ട്) | തിരുവനന്തപുരം |
| 2 | കെ.എ.പി III | കൊല്ലം ആലപ്പുഴ പത്തനംതിട്ട റവന്യൂ ജില്ലകൾ ( കൊല്ലം ആലപ്പുഴ പത്തനംതിട്ട പോലീസ് ഡിസ്ട്രിക്ടുകൾ) | പത്തനംതിട്ട |
| 3 | കെ എ പി V | കോട്ടയം ഇടുക്കി റവന്യൂ ജില്ലകൾ(കോട്ടയം ഇടുക്കി എന്നീ പോലീസ് ഡിസ്ട്രിക്ടുകൾ) | ഇടുക്കി |
| 4 | കെ.എ.പി I | എറണാകുളം റവന്യൂ ജില്ല (കൊച്ചി സിറ്റി ആന്റ് എറണാകുളം റൂറൽ പോലീസ് ഡിസ്ട്രിക്ടുകൾ) | എറണാകുളം |
| 5 | കെ.എ.പി II | തൃശ്ശൂർ പാലക്കാട് റവന്യൂ ജില്ലകൾ(തൃശ്ശൂർ പാലക്കാട് എന്നീ പോലീസ് ഡിസ്ട്രിക്ടുകൾ) | തൃശ്ശൂർ |
| 6 | എം എസ് പി | മലപ്പുറം കോഴിക്കോട് റവന്യൂ ജില്ലകൾ(മലപ്പുറം പോലീസ് ഡിസ്ട്രിക്ട് കോഴിക്കോട് സിറ്റി ആൻഡ് റൂറൽ പോലീസ് ഡിസ്ട്രിക്ടുകൾ ) | മലപ്പുറം |
| 7 | കെ എ പി IV | കണ്ണൂർ വയനാട് കാസർഗോഡ് റവന്യൂ ജില്ലകൾ<br>കണ്ണൂർ വയനാട് കാസർഗോഡ് പോലീസ് ഡിസ്ട്രിക്ടുകൾ | കാസർഗോഡ് |

തിരഞ്ഞെടുപ്പ് ബറ്റാലിയൻ അടിസ്ഥാനത്തിൽ നടത്തുന്നതിനാൽ, അപ്രകാരം തിരഞ്ഞെടുക്കപ്പെടുന്നവർക്ക്, നിയമനം ലഭിക്കുന്ന ബന്ധപ്പെട്ട ജില്ലാ ആംഡ് റിസർവ്വ് പോലീസിലേക്ക് മാത്രമേ സ്ഥലം മാറ്റത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**കുറിപ്പ്**

1. വനിതാ ഉദ്യോഗാർത്ഥികൾക്കും, ഭിന്നശേഷിയുള്ള ഉദ്യോഗാർത്ഥികൾക്കും ഈ വിജ്ഞാപനപ്രകാരം അപേക്ഷിക്കുവാൻ അർഹത ഉണ്ടായിരിക്കുന്നതല്ല.
2. തസ്തികയുടെ പേര്, പ്രായപരിധി, യോഗ്യത എന്നിവ 17.01.1980 –ലെ G.O. (Ms) No. 16/80/Home (SRO No. 82/80), 08/12/2017 തീയതിയിലെ GO(P)No.138/2017/ Home (SRO No787/17) എന്നീ ഉത്തരവുകളിലാണ് നിഷ്കർഷിച്ചിട്ടുള്ളത്
3. ഈ വിജ്ഞാപന പ്രകാരം ഒരു ഉദ്യോഗാർത്ഥി ഒന്നിലധികം ബറ്റാലിയനിലേക്ക് അപേക്ഷിക്കുവാൻ പാടില്ല

4. ഓരോ ബറ്റാലിയനും പ്രത്യേക റാങ്ക് പട്ടിക പ്രസിദ്ധപ്പെടുത്തുന്നതാണ്.ഈ റാങ്ക് പട്ടികകൾക്ക് അവ അംഗീകരിക്കുന്ന തിയ്യതി മുതൽ ഒരു വർഷത്തെ കാലാവധി ഉണ്ടായിരിക്കും.ഉദ്യോഗാർത്ഥികളെ ടി തസ്തികയുടെ മുൻ റാങ്ക് പട്ടികയുടെ കാലാവധിക്ക് ശേഷം അറിയിച്ചിട്ടുള്ള ഒഴിവുകളിലേക്കും ഈ കാറ്റഗറി പ്രകാരമുള്ള റാങ്ക് പട്ടികയുടെ കാലാവധിക്കുള്ളിൽ റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളിലേക്കും നിയമന ശിപാർശ നടത്തുന്നതാണ്.

**5. നിയമന രീതി** : നേരിട്ടുള്ള നിയമനം

**6. പ്രായപരിധി** : **18–26;** ഉദ്യോഗാർത്ഥികൾ 02.01.1999 നും 01.01.2007 നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ട് തീയതികളും ഉൾപ്പെടെ)

**കുറിപ്പ് :** ഉയർന്ന പ്രായപരിധി മറ്റ് പിന്നോക്ക വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് **29** വയസ്സായും പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് **31** വയസ്സായും വിമുക്ത ഭടൻമാരായ ഉദ്യോഗാർത്ഥികൾക്ക് **41** വയസ്സായും നിജപ്പെടുത്തിയിരിക്കുന്നു.

വയസ്സിളവിനെ സംബന്ധിച്ച ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് പൊതു വ്യവസ്ഥയിൽ രണ്ടാം ഖണ്ഡികയിൽ ചേർത്തിട്ടുള്ള മറ്റ് വ്യവസ്ഥകൾ ഈ തെരഞ്ഞെടുപ്പിന് ബാധകമല്ല.

**7. യോഗ്യതകൾ (എ) വിദ്യാഭ്യാസം**

ഹയർസെക്കൻഡറി (പ്ലസ് ടു) പാസ്സായിരിക്കണം അല്ലെങ്കിൽ തത്തുല്യമായ പരീക്ഷ ജയിച്ചിരിക്കണം.

(Link)

EQUIVALENT / HIGHER QUALIFICATION

**കുറിപ്പ്:**

i) ഈ തസ്തികയിലേക്കുള്ള തിരഞ്ഞെടുപ്പിന് *KS & SSR Part II Rule 10(a) (ii)* ബാധകമാണ്.

*ii)* നിശ്ചിത യോഗ്യതയുള്ള മതിയായ പട്ടിക ജാതി /പട്ടിക വർഗ്ഗ വിഭാഗം ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ മാത്രം അവർക്കായി സംവരണം ചെയ്തിരിക്കുന്ന ക്വാട്ട നികത്തുന്നതിനായി ഹയർ സെക്കന്ററി /പ്ലസ് ടു പരീക്ഷയിൽ പരാജയപ്പെട്ട ഉദ്യോഗാർത്ഥികളെയും പരിഗണിക്കുന്നതാണ്

iii) ഈ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾക്ക പുറമേ എക്സിക്യൂട്ടീവ് ഉത്തരവുകൾ മുഖേനയോ സ്റ്റാൻഡിംഗ് ഉത്തരവുകൾ മുഖേനയോ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയ്ക്ക് തത്തുല്യമായി സർക്കാർ പ്രഖ്യാപിക്കുന്ന യോഗ്യതകളും നിർദ്ദിഷ്ട അടിസ്ഥാനയോഗ്യതകൾക്കുള്ള ഉയർന്ന യോഗ്യതകളും സ്വീകരിക്കുന്നതാണ്. തത്തുല്യ യോഗ്യത/ ഉയർന്ന യോഗ്യത സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കമ്മീഷൻ ആവശ്യപ്പെടുന്ന സമയത്ത് ഹാജരാക്കേണ്ടതാണ്.

**(ബി) ശാരീരിക യോഗ്യതകൾ**

(1) ഉയരം : കുറഞ്ഞത് 168 സെന്റി മീറ്റർ

(2) നെഞ്ചളവ് : കുറഞ്ഞത് 81 സെന്റീ മീറ്ററും കുറഞ്ഞത് 5 സെന്റീ മീറ്റർ വികാസവും ഉണ്ടായിരിക്കണം

കുറിപ്പ്: പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് കുറഞ്ഞത് **160** സെ.മീ ഉയരവും **76** സെ.മീ നെഞ്ചളവും മതിയാകുന്നതാണ്. എന്നാൽ മേൽപ്പറഞ്ഞ വിഭാഗം ഉദ്യോഗാർത്ഥികൾക്കും നെഞ്ചളവിൽ കുറഞ്ഞത് **5** സെ.മീ വികാസം എന്ന നിബന്ധന ബാധകമാണ്.

(3)കാഴ്ചശക്തി

താഴെപ്പറയുന്ന തരത്തിൽ കണ്ണട വയ്ക്കാതെയുള്ള കാഴ്ചശക്തിയുള്ളതായി സാക്ഷ്യപ്പെടുത്തിയിരി ക്കണം.

| | കാഴ്ച | വലതുകണ്ണ് | ഇടതു കണ്ണ് |
|---|---|---|---|
| എ) | ദൂരക്കാഴ്ച | 6/6 സ്നെല്ലൻ | 6/6 സ്നെല്ലൻ |
| ബി) | സമീപക്കാഴ്ച | 0.5 സ്നെല്ലൻ | 0.5 സ്നെല്ലൻ |

**കുറിപ്പ്:**

i) ഓരോ കണ്ണിനും പൂർണ്ണമായ കാഴ്ചശക്തി ഉണ്ടായിരിക്കണം.

ii) വർണ്ണാന്ധത, സ്ക്വിന്റ് അല്ലെങ്കിൽ കണ്ണിന്റെയോ കൺപോളകളുടേയൊ മോർബിഡ് ആയിട്ടുള്ള അവസ്ഥ എന്നിവ അയോഗ്യതയായി കണക്കാക്കുന്നതാണ്.

iii) മുട്ടുതട്ട്, പരന്ന പാദം, ഞരമ്പ് വീക്കം, വളഞ്ഞ കാലുകൾ, വൈകല്യമുള്ള കൈകാലുകൾ, കോമ്പല്ല് (മുൻ പല്ല്), ഉന്തിയ പല്ലുകൾ, കേൾവിയിലും സംസാരത്തിലുമുള്ള കുറവുകൾ എന്നിങ്ങനെയുള്ള ശാരീരിക ന്യൂനതകൾ അയോഗ്യതയായി കണക്കാക്കുന്നതായിരിക്കും.

(സി) നാഷണൽ ഫിസിക്കൽ എഫിഷ്യൻസി ടെസ്റ്റിലെ വൺ സ്റ്റാർ നിലവാരത്തിലുള്ള **8** (എട്ട്) ഇനങ്ങളിൽ ഏതെങ്കിലും **5** (അഞ്ച്) എണ്ണത്തിൽ യോഗ്യത നേടിയിരിക്കണം.

| ക്രമ നമ്പർ | ഇനങ്ങൾ | വൺസ്റ്റാർ നിലവാരം |
|---|---|---|
| 1. | 100 മീറ്റർ ഓട്ടം | 14 സെക്കന്റ് |
| 2. | ഹൈ ജംപ് | 132.20 സെ.മീ. |
| 3. | ലോംഗ് ജംപ് | 457.20 സെ.മീ. |
| 4. | പുട്ടിംഗ് ദ ഷോട്ട് (7264 ഗ്രാം) | 609.60 സെ.മീ. |
| 5. | ത്രോയിംഗ് ദി ക്രിക്കറ്റ് ബാൾ | 6096 സെ.മീ |
| 6. | റോപ് ക്ലൈമ്പിംഗ് (കൈകൾ മാത്രം ഉപയോഗിച്ച്) | 365.80 സെ.മീ |
| 7 | പുൾ അപ് അഥവാ ചിന്നിംഗ് | 8 തവണ |
| 8 | 1500 മീറ്റർ ഓട്ടം | 5 മിനിറ്റ് 44 സെക്കന്റ് |

കുറിപ്പ്:

1. ഉദ്യോഗാർത്ഥികളുടെ ശാരീരിക അളവുകൾ കായികക്ഷമതാ പരീക്ഷയോടൊപ്പം എടുക്കുന്നതാണ്. നിശ്ചിത അളവുകൾ ഇല്ലാത്ത ഉദ്യോഗാർത്ഥികളെ കായികക്ഷമതാ പരീക്ഷയിൽ പങ്കെടുപ്പിക്കുന്നതല്ല. കായികക്ഷമതാ പരീക്ഷയിൽ അപകടം സംഭവിക്കുകയോ പരിക്കേൽക്കുകയോ ചെയ്യുന്ന ഉദ്യോഗാർത്ഥികൾക്ക് കായികക്ഷമതാ പരീക്ഷയിൽ മറ്റൊരവസരം നൽകുന്നതല്ല.
2. ശാരീരിക അളവെടുപ്പ്, കായികക്ഷമതാ പരീക്ഷ എന്നിവ സംബന്ധിച്ച താത്കാലിക തീയതി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്.
3. ഉദ്യോഗാർത്ഥികൾ കായികക്ഷമതാ പരീക്ഷാ സമയത്ത് താഴെ ചേർത്തിട്ടുള്ള ഫാറത്തിൽ സർക്കാർ സർവ്വീസിൽ അസിസ്റ്റന്റ് സർജനിൽ/ജൂനിയർ കൺസൾട്ടന്റിൽ കുറയാത്ത റാങ്കുള്ള ഒരു മെഡിക്കൽ ആഫീസറിൽ നിന്നും ശാരീരിക യോഗ്യതയും കണ്ണട കൂടാതെയുള്ള കാഴ്ച ശക്തിയും തെളിയിക്കുന്നതിന് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അസ്സൽ ഹാജരാക്കേണ്ടതാണ്.

## FORM OF MEDICAL CERTIFICATE

(To be obtained from Medical Officer not below the rank of an Assistant Surgeon/Junior Consultant)

I have this day medically examined Sri.................................................................. …........................................................................................................................... (Name & address) and found that he has no disease or infirmity, which would render him unsuitable for Government Service. He is free from physical defects like knock-knee, flat foot, Varicose veins, bow legs, deformed limbs, irregular and protruding teeth and defective speech and hearing. His age according to his own statement is ..................................... and by appearance is …................................. and his standards of vision is as follows.

**Standards of Vision**
(without glasses)

| | Right Eye | Left Eye |
|---|---|---|
| i) Distant Vision | …..........Snellen | …......... Snellen |
| ii) Near Vision | …..........Snellen | …......... Snellen |

iii) Field of Vision ....................

(Specify whether field of vision is full or not. Entries such as 'Normal','Good', 'Average' etc are inappropriate here)

iv) Colour Blindness ................................

v) Squint ................................

vi) Any morbid condition of the eyes or lids of either eye ………………………….

vii) Marks of Identification

1)…………………………………………….
2)…………………………………………….

He is physically fit for the post of Police Constable (Armed Police Battalion ) in the Kerala Police Department.

I certify to the best of my knowledge and belief that the applicant Sri ……………… ………………….........................................................................................................................(Name and Address) is the person herein above described and that the attached photograph has a reasonably correct likeness. (The signature of the Medical Officer shall be affixed on the photograph leaving the face clear.)

| PHOTO OF THE CANDIDATE |
|---|

Place: Signature
Date : Name and Designation of the Medical Officer

*(Office Seal)*

**കുറിപ്പ്:**

കാഴ്ചശക്തിയെ സംബന്ധിച്ച വിവരങ്ങൾ സർട്ടിഫിക്കറ്റിൽ വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. വിഷൻ നോർമൽ/ആവറേജ്/ഗുഡ് മുതലായ അവ്യക്തമായ പ്രസ്താവനകൾ സ്വീകരിക്കുന്നതല്ല. ഓരോ കണ്ണിനേയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തിയിരിക്കണം. കാഴ്ചശക്തി മുകളിൽ സൂചിപ്പിച്ചിട്ടുള്ള വിധത്തിലല്ലെങ്കിൽ കണ്ണിന് നല്ല കാഴ്ചശക്തിയുണ്ടെന്നോ മോശമായ കാഴ്ചശക്തിയാണെന്നോ ഉള്ള വിവരം സർട്ടിഫിക്കറ്റ് നൽകുന്ന ഉദ്യോഗസ്ഥൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തേണ്ടതാണ്. അല്ലാതെയുള്ള സർട്ടിഫിക്കറ്റ് സ്വീകരിക്കുന്നതല്ല.

**8.** എൻ.സി.സി യുടെ 'എ', 'ബി', 'സി' സർട്ടിഫിക്കറ്റ് നേടിയിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് യഥാക്രമം '2%', '3%', '5%' എന്ന ക്രമത്തിൽ 21.08.2007 തീയതിയിലെ ജി.ഒ(എം.എസ്) നമ്പർ 112/2007/എച്ച്.ഇ.ഡി.എൻ സർക്കാർ ഉത്തരവ് അനുസരിച്ച് അധിക മാർക്ക് നൽകുന്നതായിരിക്കും.

**9.** പൊതു വ്യവസ്ഥകളിലെ ഖണ്ഡിക 6 പ്രകാരം പ്രഗത്ഭരായ കായിക താരങ്ങൾക്ക് അധിക മാർക്ക് നൽകുന്നതാണ്.

**10.** 01.03.2025 തീയതിയിലെ G.O.(MS) No.06/2025/P&RD നമ്പർ സർക്കാർ ഉത്തരവിൽ നിഷ്കർഷിക്കുന്ന പ്രകാരം സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC) സർട്ടിഫിക്കറ്റ് നേടിയ ഉദ്യോഗാർത്ഥികൾ വെയിറ്റേജ് മാർക്കിന് അർഹരാണ്.

**11. അപേക്ഷ സമർപ്പിക്കുന്ന രീതി:**

ഉദ്യോഗാർത്ഥികൾ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഔദ്യോഗിക വെബ്സൈറ്റായ www.keralapsc.gov.in വഴി 'ഒറ്റത്തവണ രജിസ്ട്രേഷൻ' പ്രകാരം രജിസ്റ്റർ ചെയ്ത ശേഷമാണ് അപേക്ഷിക്കേണ്ടത്. ഇതിനോടകം രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ user ID യും password ഉം ഉപയോഗിച്ച് login ചെയ്ത ശേഷം സ്വന്തം profile ലൂടെ അപേക്ഷിക്കേണ്ടതാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുമ്പോഴും പ്രസ്തുത തസ്തികയോടൊപ്പം കാണുന്ന Notification Link-ലെ **'Apply Now'** -ൽ മാത്രം click ചെയ്യേണ്ടതാണ്. പുതിയ പ്രൊഫൈൽ ആരംഭിക്കുന്ന ഉദ്യോഗാർത്ഥികൾ 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോഗ്രാഫ് അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഫോട്ടോയുടെ താഴെ ഉദ്യോഗാർത്ഥിയുടെ പേരും ഫോട്ടോ എടുത്ത തീയതിയും വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം. നിശ്ചിത മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് upload ചെയ്ത ഫോട്ടോയ്ക്ക് upload ചെയ്ത തീയതി മുതൽ 10 വർഷക്കാലത്തേയ്ക്ക് പ്രാബല്യമുണ്ടായിരിക്കും. ഫോട്ടോ

സംബന്ധിച്ച മറ്റ് നിബന്ധനകൾക്കൊന്നും തന്നെ മാറ്റമില്ല. അപേക്ഷാ ഫീസ് നൽകേണ്ടതില്ല. **Application link click ചെയ്ത് അപേക്ഷയുടെ പ്രിന്റ് എടുത്ത് സൂക്ഷിക്കാവുന്നതാണ്. അപേക്ഷ സംബന്ധിച്ച് കമ്മീഷനുമായി നടത്തുന്ന കത്തിടപാടുകളിൽ അപേക്ഷയുടെ പ്രിന്റ് ഔട്ട് കൂടി സമർപ്പിക്കേണ്ടതാണ്.** Password രഹസ്യമായി സൂക്ഷിക്കേണ്ടതും, വ്യക്തിഗത വിവരങ്ങൾ ശരിയാണെന്ന് ഉറപ്പുവരുത്തേണ്ടതും ഉദ്യോഗാർത്ഥിയുടെ ചുമതലയാണ്. ഓരോ തസ്തികയ്ക്ക് അപേക്ഷിക്കുന്നതിന് മുൻപും തന്റെ Profile ൽ ഉൾക്കൊള്ളിച്ചിരിക്കുന്ന വിവരങ്ങൾ ശരിയാണെന്ന് ഉദ്യോഗാർത്ഥി ഉറപ്പുവരുത്തേണ്ടതാണ്. കമ്മീഷനുമായുള്ള എല്ലാ കത്തിടപാടുകളിലും User ID പ്രത്യേകം രേഖപ്പെടുത്തേണ്ടതാണ്. കമ്മീഷന് മുമ്പാകെ ഒരിക്കൽ സമർപ്പിച്ച അപേക്ഷ സോപാധികമായി സ്വീകരിക്കപ്പെടുന്നതാണ്. അപേക്ഷ സമർപ്പിച്ചതിന് ശേഷം അപേക്ഷയിൽ മാറ്റം വരുത്തുവാനോ ഒഴിവാക്കുവാനോ കഴിയുകയില്ല. ഭാവിയിലെ ഉപയോഗത്തിനായി ഉദ്യോഗാർത്ഥികൾ തിരഞ്ഞെടുപ്പ് പ്രക്രിയയുടെ ഏതവസരത്തിലായാലും സമർപ്പിക്കപ്പെട്ട അപേക്ഷകൾ വിജ്ഞാപന വ്യവസ്ഥകൾക്ക് വിരുദ്ധമായി കാണുന്ന പക്ഷം നിരുപാധികമായി നിരസിക്കുന്നതാണ്. വിദ്യാഭ്യാസ യോഗ്യത, പരിചയം, ജാതി, വയസ്സ് മുതലായവ തെളിയിക്കുന്നതിനുള്ള പ്രമാണങ്ങൾ കമ്മീഷൻ ആവശ്യപ്പെടുമ്പോൾ ഹാജരാക്കിയാൽ മതിയാകും. അവസാന തീയതിയ്ക്കു ശേഷം പ്രൊഫൈലിൽ ഉദ്യോഗാർത്ഥികൾ സ്വയം വരുത്തുന്ന തിരുത്തലുകളും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഓഫീസ് മുഖാന്തിരം നടത്തുന്ന തിരുത്തലുകളും പ്രസ്തുത അപേക്ഷയിൽ വരുന്നതല്ല. കൂടാതെ തിരുത്തലുകൾ മൂലമുണ്ടാകുന്ന മാറ്റങ്ങൾക്ക് തിരുത്തലുകൾ വരുത്തുന്ന തീയതി മുതലേ പ്രാബല്യം ഉണ്ടായിരിക്കുകയുള്ളൂ.

12. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി **: 14.01.2026 ബുധനാഴ്ച** രാത്രി 12 മണി വരെ.

**13.** ഈ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് എഴുത്ത്/ഒ.എം.ആർ/ഓൺലൈൻ പരീക്ഷ നടത്തുകയാണെങ്കിൽ പരീക്ഷ എഴുതുമെന്ന സ്ഥിരീകരണം (Confirmation) അപേക്ഷകർ തങ്ങളുടെ ഒറ്റത്തവണ രജിസ്ട്രേഷൻ പ്രൊഫൈൽ വഴി നൽകേണ്ടതാണ്. അപ്രകാരം സ്ഥിരീകരണം നൽകുന്നവർക്ക് മാത്രം അഡ്മിഷൻ ടിക്കറ്റ് ജനറേറ്റ് ചെയ്ത് അത് ഡൗൺലോഡ് ചെയ്യുന്നതിനുള്ള സൗകര്യം പരീക്ഷാത്തീയതി വരെയുള്ള അവസാനത്തെ 15 ദിവസങ്ങളിൽ ലഭ്യമാകുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ സ്ഥിരീകരണം നൽകാത്ത ഉദ്യോഗാർത്ഥികളുടെ അപേക്ഷകൾ നിരുപാധികം നിരസിക്കപ്പെടുന്നതാണ്. സ്ഥിരീകരണം നൽകേണ്ടതായ കാലയളവ് സംബന്ധിച്ച തീയതികളെക്കുറിച്ചും അഡ്മിഷൻ ടിക്കറ്റ് ലഭ്യമാകുന്ന തീയതി സംബന്ധിച്ചും ഉള്ള വിവരങ്ങൾ ബന്ധപ്പെട്ട പരീക്ഷ ഉൾപ്പെടുന്ന പരീക്ഷാ കലണ്ടറിൽ പ്രസിദ്ധപ്പെടുത്തുന്നതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഉദ്യോഗാർത്ഥികളുടെ പ്രൊഫൈലിലും അതിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മൊബൈൽ ഫോൺ നമ്പരിലും നൽകുന്നതാണ്.

**14. ഉദ്യോഗാർത്ഥികൾക്കുള്ള പ്രത്യേക നിർദ്ദേശങ്ങൾ**

(i) ഉദ്യോഗാർത്ഥി അപേക്ഷയിൽ അവകാശപ്പെട്ട ജാതി/സമുദായം എസ്.എസ്.എൽ.സി ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്ന് വ്യത്യസ്തമാണെങ്കിൽ നോൺക്രീമിലെയർ സർട്ടിഫിക്കറ്റിനോടൊപ്പം ജാതിമാറ്റം സംബന്ധിച്ച ഗസറ്റ് വിജ്ഞാപനം കൂടി പ്രമാണ പരിശോധനാ സമയത്ത് ഹാജരാക്കേണ്ടതാണ്.

(ii) ഉദ്യോഗാർത്ഥികൾ ഗസറ്റ് വിജ്ഞാപനത്തോടൊപ്പം ഭാഗം II ആയി ഉൾപ്പെടുത്തിയിട്ടുള്ള പൊതുവ്യവസ്ഥകൾ കൂടി വായിച്ച് മനസിലാക്കിയ ശേഷമായിരിക്കണം അപേക്ഷ സമർപ്പിക്കേണ്ടത്. ആയതിന് വിരുദ്ധമായി സമർപ്പിക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.

(iii) വിദ്യാഭ്യാസം, പരിചയം തുടങ്ങി യോഗ്യത സംബന്ധിച്ച് തെറ്റായ അവകാശവാദം ഉന്നയിച്ച് അപേക്ഷ സമർപ്പിക്കുന്ന ഉദ്യോഗാർത്ഥികൾക്കെതിരെ കേരള പബ്ലിക് സർവീസ് കമ്മീഷൻ റൂൾസ് ഓഫ് പ്രൊസീജിയർ റൂൾ 22 പ്രകാരം ഏതൊരു ജോലിക്ക് അവർ അപേക്ഷിക്കുന്നുവോ അതിലേക്ക് പരിഗണിക്കപ്പെടുന്നതിന് അയോഗ്യരാക്കുകയോ, സ്ഥിരമായോ ഒരു നിശ്ചിത കാലത്തേയ്ക്കോ കേരള പബ്ലിക് സർവീസ് കമ്മീഷന് അപേക്ഷകൾ അയയ്ക്കുന്നതിൽ നിന്നും നിരോധിക്കുകയോ, അവർ പങ്കെടുക്കുന്ന പ്രായോഗിക പരീക്ഷയിൽ നിർമ്മിക്കുന്ന സാധനങ്ങളോ, എഴുത്തു പരീക്ഷയിലെ ഉത്തരക്കടലാസുകളോ അസാധുവാക്കുകയോ, അവരുടെ മേൽ നിയമനടപടികൾ എടുക്കുകയോ, അവർ ഏതെങ്കിലും ജോലിയിൽ നിയമിക്കപ്പെട്ടു കഴിഞ്ഞുവെങ്കിൽ ആ ജോലിയിൽ നിന്നും അവരെ നീക്കം ചെയ്യുകയോ, ഡിസ്മിസ് ചെയ്യുകയോ, അനുയോജ്യമായ മറ്റ് അച്ചടക്ക നടപടികൾ/നിയമ നടപടികൾ അവർക്കെതിരെ സ്വീകരിക്കുകയോ, മേൽപ്പറഞ്ഞവയിൽ ഒന്നോ അതിലധികമോ നടപടികൾ അവർക്കെതിരെ കൈക്കൊള്ളുകയോ ചെയ്യുന്നതാണ്.

(ഫോട്ടോ, ഐ.ഡി കാർഡ് സംബന്ധിച്ച വിവരങ്ങൾക്ക് ഗസറ്റ് വിജ്ഞാപനത്തിന്റെ രണ്ടാം ഭാഗത്ത് കൊടുത്തിരിക്കുന്ന പൊതു വ്യവസ്ഥകൾ വായിച്ചു നോക്കുക)

|സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ